പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5739 27.10.2011 -ൽ മറുപടിയ്ക്ക്

## ഹൈടെക് ഡയറി ഫാമുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ. എൻ.ജയരാജ് | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈടെക് ഡയറി ഫാമുകൾ ഏതെല്ലാമാണ്; | എ) | സംസ്ഥാനത്ത് കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനു കീഴിൽ കൊല്ലം ജില്ലയിൽ കുളത്തൂപ്പുഴയിൽ ഒരു ഹൈടെക് ബുൾ മദർ ഫാം പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ കോലാഹലമേട്ടിലും, മാട്ടുപ്പെട്ടിയിലും ഇത്തരം ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |
| ബി) | പ്രസ്തുത ഫാമുകൾ സ്ഥാപിച്ചതുവഴി ക്ഷീര മേഖലയ്ക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; | ബി) | 1.ആഭ്യന്തര പാലുത്പാദനം വർദ്ധിപ്പിക്കുന്നതിന് ഇത്തരം ഫാമുകൾ സ്ഥാപിക്കുന്നതിലൂടെ സാധിക്കുന്നു.<br>2. വൻകിട കന്നുകാലി ഫാമുകൾ തുടങ്ങാൻ താല്പര്യമുള്ള സംരംഭകർക്ക് ഇത്തരം ഫാമുകൾ മാതൃകയാവുകയും അവർക്ക് ഈ ഫാമുകളിലൂടെ പരിശീലനം നൽകുന്നതിനും സാധിക്കുന്നു.<br>3. ഏറ്റവും അത്യാധുനികമായ സാങ്കേതിക വിദ്യയും പരിജ്ഞാനവും ക്ഷീരകർഷകർക്ക് ഇവിടെ നിന്നും ലഭ്യമാകുന്നതാണ്. 2500 ക്ഷീരകർഷകർക്ക് ഈ വർഷം ട്രെയിനിംഗ് നൽകുന്നു.<br>4.ഹൈടെക് ഫാമുകളെ കേന്ദ്രീകരിച്ച് പൊതു ജനങ്ങളിലൂടെ സാറ്റലൈറ്റ് ഫാമുകൾ സ്ഥാപിക്കുകയും അതു വഴി പാലുത്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നു. |

5. നല്ലയിനം പശുക്കുട്ടികളെ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിന് സാധിച്ചു.
6.മെച്ചപ്പെട്ട ജനിതക ഗുണനിലവാര മുള്ള വിത്തുകാളകളുടെയും പശുക്കളുടേയും ഒരു പരമ്പരയെ സൃഷ്ടിക്കാനുള്ള ഗവേഷണ ഉൽപ്പാദന പ്രക്രിയ സാധ്യമാകുന്നു.

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷം കൂടുതൽ ഹൈടെക് ഡയറി ഫാമുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവോ; ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശങ്ങൾ നൽകുമോ? | സി) | ഉണ്ട്. ഈ സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ജഴ്സി ഫാം വിതുര, ബഫല്ലോ ബ്രീഡിംഗ് ഫാം കുരിയോട്ടുമല, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ധോണി ഫാം എന്നീ മൂന്ന് കന്നുകാലി വളർത്തൽ കേന്ദ്രങ്ങളെ ഹൈടെക് കേന്ദ്രങ്ങളായി ഉയർത്തുന്നതിന് ഭരണാനുമതി ലഭിച്ചു കഴിഞ്ഞു. 13-ാം ധനകാര്യകമ്മീഷൻ അവാർഡിലൂടെ 60 കോടി രൂപയാണ് ഈ സംരംഭത്തിന് അനുവദിച്ചിട്ടുള്ളത്. ഇത് നാലു വർഷങ്ങളായി(2011-2012 മുതൽ 2014-2015 വരെയുള്ള കാലയളവിൽ) വിനിയോഗിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് . 2011-2012 കാലയളവിൽ ധോണി ഫാമിന് 5.38 കോടി രൂപയും വിതുര ജഴ്സി ഫാമിന് 3 കോടി രൂപയും ആകെ 11.38 കോടി രൂപയാണ് ഹൈടെക് ഫാം സ്ഥാപിക്കുന്നതിന് ഈ സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് വകകൊള്ളിച്ചിട്ടുള്ള തുക. |

Seela
സെക്ഷൻ ഓഫീസർ